പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1735 04.10.2011 ൽ മറുപടിയ്ക്ക്

ഒറീസ്സയിൽ തെർമൽ പവർ പ്ലാന്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വർക്കല കഹാർ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന നിയന്ത്രണത്തോടെ ഒറീസ്സയിൽ തെർമൽപവർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ;<br>(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങളും പവർ പ്ലാന്റിന്റെ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങളും വ്യക്തമാക്കുമോ ;<br>(സി) ഇതിന്റെ സാദ്ധ്യതാപഠനം ആരെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;<br>(ഡി) പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി എങ്ങനെ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ? | (എ), (ബി), (സി) & (ഡി) കേരളത്തിന്, ബൈതരണി കൽക്കരി പാടത്ത് നിന്നും ഒറീസ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾക്കൊപ്പം കേന്ദ്ര സർക്കാരിൽ നിന്നും വൈദ്യുതി ഉല്പാദനത്തിനായി, അനുവദിച്ചു കിട്ടിയ കൽക്കരി ഉപയോഗിച്ച് ഒറീസയിൽ, ഒറീസ സർക്കാരുമായോ എൻ.ടി.പി.സി.യുമായോ സംയുക്തമായി ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആലോചിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ